# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 2418 — 11/10/2011 - ൽ മറുപടിക്ക്

### പരീക്ഷ ടൈംടേബിൾ പുന:ക്രമീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി. ജലീൽ : | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2011 മാർച്ച് മാസത്തിൽ നടന്ന പ്ലസ് വൺ പരീക്ഷയുടെ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്കു വേണ്ടിയുള്ള ടൈംടേബിളിൽ ഹ്യൂമാനിറ്റിസ് ഗ്രൂപ്പിൽ ഒരു ദിവസം രണ്ട് പരീക്ഷ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br>ആന്ത്രോപ്പോളജി, സോഷ്യൽ വർക്ക്.<br>ജേർണലിസം, സോഷ്യൽ വർക്ക്,<br>പൊളിറ്റിക്കൽ സയൻസ്, ഗാന്ധിയൻ സ്റ്റഡീസ്,<br>പൊളിറ്റിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്,<br>സൈക്കോളജി, ഇക്കണോമിക്സ്<br>സോഷ്യോളജി, ഹിസ്റ്ററി<br>സോഷ്യോളജി, ഇസ്ലാമിക് ഹിസ്റ്ററി<br>സോഷ്യോളജി, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്. |
| (ബി) വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഇവ ഓരോന്നും വ്യത്യസ്ത ദിവസങ്ങളിലാക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (ബി) ഹയർ സെക്കന്ററി പാഠ്യപദ്ധതിയിൽ 44 വിഷയങ്ങളിലായി 45 സബ്ജക്ട് കോംബിനേഷനു കളാണുള്ളത്. ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയെ സംബന്ധിച്ച്, ഓരോ സബ്ജക്ട് കോംബിനേഷനിൽപ്പെട്ട വിഷയങ്ങളിലെ പരീക്ഷകൾ രാവിലെയും ഉച്ചയ്ക്കുമായി |

ക്രമീകരിച്ചെങ്കിൽ മാത്രമേ പരീക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഇവ ഓരോന്നും വ്യത്യസ്ത ദിവസങ്ങളിലായി ക്രമീകരിച്ചാൽ പരീക്ഷ ദിവസങ്ങളോളം നീണ്ടുപോകുന്ന സാഹചര്യമുണ്ടാകും. അതുവഴി വിദ്യാർത്ഥികൾക്ക് വിലപ്പെട്ട അക്കാഡമിക് ദിനങ്ങൾ നഷ്ടപ്പെടും. അതിനാൽ ഇവ ഓരോന്നും വ്യത്യസ്ത ദിവസങ്ങളിലാക്കുന്ന കാര്യം പരിഗണിക്കാൻ ഇപ്പോൾ നിവൃത്തിയില്ല.

സെക്ഷൻ ഓഫീസർ.